പതിമൂന്നാം കേരള നിയമസഭ

എഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1238

08.02.2013 ലെ മറുപടിയ്ക്ക്

## വില്ലേജുകളിൽ സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ

ചോദ്യം
ശ്രീ.എം.വി.ശ്രേയാംസ് കുമാർ

ഉത്തരം
ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി )

| | | | |
|---|---|---|---|
| എ) | വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽപ്പെട്ട ഏതെല്ലാം വില്ലേജുകളിലാണ് സംയുക്ത പരിശോധന നടത്തുന്നതിന് നിർദ്ദേശം നൽകിയതെന്ന് വിശദമാക്കുമോ; | എ) | വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിൽപ്പെട്ട മൂപ്പൈനാട്, തൃക്കൈപ്പറ്റ, വെള്ളരിമല, കോട്ടപ്പടി, കുന്നത്തിടവക എന്നീ വില്ലേജുകളിലാണ് സംയുക്ത പരിശോധന നടത്തുന്നതിന് ഉത്തരവായിട്ടുള്ളത്. |
| ബി) | പ്രസ്തുത സ്ഥലങ്ങളിലെ സംയുക്ത പരിശോധന പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ഇല്ല. തൃക്കൈപ്പറ്റ വില്ലേജിലെ ജയ്ഹിന്ദ് കോളനിയിലെ 99 അപേക്ഷകളിന്മേൽ സംയുക്ത പരിശോധന നടപടികൾ പൂർത്തിയായിട്ടുണ്ട്. ആയതിന്റെ തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. മൂപ്പൈനാട് വില്ലേജിലെ കടച്ചിക്കുന്ന് പ്രദേശത്തെ 402 അപേക്ഷകളിൽ ഫീൽഡ് പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ രണ്ട് സ്ഥലങ്ങളിൽ സംയുക്ത പരിശോധന പൂർത്തിയായെങ്കിലും റിക്കാർഡുകളിൽ ഒപ്പ് രേഖപ്പെടുത്തുവാൻ വനം വകുപ്പ് അധികൃതർ വിസമ്മതിക്കുന്നു. ആയതിനാൽ തുടർന്ന് സംയുക്ത പരിശോധന പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തുവാൻ സാധിച്ചിട്ടില്ല. |
| സി) | ഇതു സംബന്ധിച്ച് സർക്കാർ വകുപ്പിലെ വിവിധ തലങ്ങളിൽ നടത്തിയ മീറ്റിംഗുകളുടെയും എടുത്ത തീരുമാനങ്ങളുടെയും വിശദാംശം നൽകുമോ; | സി) | 14.02.2012-ൽ ശ്രീ.എം.വി.ശ്രേയാംസ് കുമാർ, എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ വകുപ്പുതല ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും, വൈത്തിരി താലൂക്കിലെ ഭൂമി സർവ്വെ ചെയ്യുന്നതിനായി എം.എൽ.എ ഫണ്ടിൽ നിന്നും രണ്ട് ലക്ഷം രൂപ ഉപയോഗിച്ച് ടോട്ടൽ സ്റ്റേഷൻ വാങ്ങുന്നതിന് ജില്ലാ സർവ്വെ സൂപ്രണ്ടിന് നിർദ്ദേശം നൽകുകയും, തുടർന്ന് 02.06.2012-ന് ചേർന്ന യോഗത്തിൽ താലൂക്കിലെ ഭൂമി പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിനായി വകപ്പുതല ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കണമെന്നും ധാരണയാകുകയും ചെയ്തിരുന്നു. |
| ഡി) | പ്രസ്തുത സ്ഥലം യഥാർത്ഥ കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) | പരിശോധിച്ച് നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ